Mr. V. P. Kannu Pillai: ഡെയിലി മെയിന്റനൻസ്സു് കൊടുക്കണമെന്നല്ല പറയുന്നതു്. അഞ്ചു കൊല്ലത്തിനിടക്കായിട്ടു നാലു ഉരുപ്പടികയിൽ കുറഞ്ഞു ഏതെങ്കിലും ആധാരങ്ങളുണ്ടോ ?

Mr. K. Achyuta Menon: That is what we are trying. Your question was whether we have been contributing for their maintenance.

Mr. V. P. Kannu Pillai: വെണ്ടുരുത്തിക്കു പടിഞ്ഞാറായിട്ടു ഏതെങ്കിലും ഉണ്ടോ ?

Mr. K. Achyuta Menon: Oh, yes. I have seen stakes sold even for Rs. 120 in the Nadapurakkal line.

Mr. V. P. Kannu Pillai: അതിനു മുകളിൽ മുമ്പു ഉണ്ടായിരുന്നില്ലെ ?

Mr. K. Achyuta Menon: Immediately before I recommended I looked into 25 documents where prices were ranging 100, 120, 200, etc.

Mr. K. Ayyappan: ആവറേജു് എടുത്തു കഴിഞ്ഞാൽ ?

Mr. K. Achyuta Menon: We have classified.

Mr. K. Ayyappan: 200 ക. വരെ കിട്ടിയവരുണ്ടോ ?

Mr. K. Achyuta Menon: Yes; Rs. 180, Rs. 190 and Rs. 200. I assure the hon'ble members that I did my very best and my offer was found to be excessive even in the light of the documents.

Mr. C. R. Iyyunni: എത്ര ഉരുപ്പടി ഉടമസ്ഥന്മാർക്കു ദോഷമുണ്ടു് ?

Mr. K. Achyuta Menon: I do not know the exact number.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. R. Iyyunni: More or less?

Mr. K. Achyuta Menon: Somewhere near 100.

Mr. C. R. Iyyunni: അതു വെണ്ടുരുത്തിയുടെ അടുത്തുള്ള ഭാഗങ്ങളിലാണോ?

Mr. K.Achyuta Menon: Some may be a bit away to the north or south..

Mr. C. R. Iyyunni: നാം ഏതു സ്ഥലം ബണ്ടുചെയ്യാൻ കൊടുത്തതു് എത്ര പേക്കായിട്ടാണു്?

Mr. K. Achyuta Menon: About 70 or 60.

Mr. C. R. Iyyunni: അങ്ങിനെ കൊടുത്ത അവസരത്തിൽ അവരോടു അതിനു ന്യായമായ ഈടു തരണമെന്നുപറഞ്ഞിട്ടുണ്ടോ?

Mr. K. Achyuta Menon: They themselves offered to give security and we accepted that offer.

Mr. K. Ayyappan: അവർക്കു കൊടുക്കുന്ന സ്ഥലം തന്നെ സെക്യൂരിട്ടിയായി വെക്കുന്നതിനു വിരോധമുണ്ടോ?

Mr. K. Achyuta Menon: We will take also a little additional security.

Mr. C. R. Iyyunni: പത്തും അമ്പതും എഴുപതും പേർ കൂടി ഒന്നോ രണ്ടോ മൂന്നോ ആളുകളുടെ വസ്തുക്കളല്ലേ പണയമെഴുതുവാൻ തരമുള്ളൂ. അതിന്റെ ഉണം എല്ലാവരും അനുഭവിക്കുകയുംചെയ്യും. അല്ലാതെ എല്ലാവരും വേറെ വേറെ വസ്തുക്കൾ ഈടു തന്നു കാര്യം സാധിക്കുന്നതു വിഷമമാണെന്നാണു് "തോന്നുന്നതു്".

Mr. K. Achyuta Menon: I know some of them can, if they make up their minds. There are some of them who are not so poor as they profess to be. Even their present existing stakes can be given as security, or the area bunded can be given.

Mr. C. R. Iyyunni: If the Government will be satisfied with the already existing stakes, that will be an easy thing. But if the Government want that they should give immovable property as security, it will be hard.

Mr. K. S. Panicker: ഹാർബർ പരിഷ്കരണംകൊണ്ടല്ലേ ഈ ദോഷം വന്നതു്?

Mr. K. Achyuta Menon: Because you will have to prove that the deterioration of their stakes was due to harbour operations.

Mr. K. S. Panicker: That is what you say, but how is it proved? അതു തീർച്ചയാക്കുവാനല്ലെ കമ്മിറ്റി വേണമെന്നു പറയുന്നതു്?

Mr. K. Achyuta Menon: Impossible. I say no committee can prove how much deterioration there is due to harbour operation. Even experts cannot tell us. What is the use of a

LIBRARY ARCHIVES Kerala Legislative Assembly

committee? It is a complicated machinery to find out what we know. That is the definition of the committee

Mr. K. S. Panicker: അവരുടെ സങ്കടപരിഹാരത്തിനായി ഗവ മെന്റ് എന്താണ് ചെയ്യുവാൻ ഭാവം?

Mr. K. Achyuta Menon: എന്തൊക്കെ ചെയ്യാമോ അതൊക്കെ ചെയ്യും.

Mr. K. S. Panicker: ഇതു് കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റ് വിമർശനത്തിലും വളരെ സമയം ചിലവാക്കിയിട്ടുള്ള ഒരു വിഷയമാണ്. അതുപോലെ ഇപ്പോഴും ഇത്രയും സമയം കളഞ്ഞിരിക്കുന്നു. അതുകൊണ്ടു് ഈ സംഗതിയിൽ ഗവമെന്റ് ഈ വക തൊട്ടുപായങ്ങളും ചിറമ്മനയവും പറഞ്ഞുകൊണ്ടിരുന്നാൽ ശരിയല്ല.

Mr K. Achyuta Menon: ഇതുവരെ അവരിൽ ആരുടേയും കംപ്ലയിൻറില്ല.

Mr. K. M. Ibrahim: അതു മുഴുവൻ ശരിയല്ല.

Mr K. Achyuta Menon: ഇല്ലെന്നുള്ളതു ഞാൻ തീർച്ചയായി പറയാം.

Mr. V. K. Kutty: സർ, ഹാർബർ അതുതിയിൽ ഉന്നികൾ സ്ഥാപിച്ചു ഉപജീവനം കഴിച്ചുപോരുന്ന തൊഴിലാളികൾക്കു ഹാർബറിന്റെ പ്രവർത്തനം മൂലം അവരുടെ തൊഴിലിനു ഹാനി സംഭവിക്കുകയാൽ അപ്രകാരം തൊഴിലില്ലാതായി തീർന്നിട്ടുള്ള മത്സ്യതൊഴിലാളികൾക്കു ഹാർബറിൽ ജോലി കൊടുക്കേണ്ട ആവശ്യകതയെപ്പറ്റി ബഹുമാനപ്പെട്ട ഗവമെണ്ടു് വേണ്ട നടപടി നടത്തിയതിന്റെ ഫലമായി അവർക്കു ജോലി കൊടുത്തുകൊള്ളാമെന്നു ഹാർബർകാർ സമ്മതിച്ചു മറുപടി കൊടുത്തിരിക്കുന്ന വിവരം ജോയിൻറ് സിക്രട്ടറിയുടെ വിവരണങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞതിൽ എന്നേപ്പോലെ മറ്റുള്ള സാമാജികന്മാരും സന്തോഷിക്കുന്നുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഹാർബർ പ്രവർത്തനം മൂലം സാധുക്കളായ മത്സ്യതൊഴിലാളികൾ അനുഭവിച്ചുവരുന്ന സങ്കടങ്ങളെപ്പറ്റി ഇതിനുമുമ്പു പലതവണയും ഞാൻ ഗവമെണ്ടിന്റെ ദൃഷ്ടിയിൽ പെടുത്തിട്ടുണ്ടു്. ഉന്നികൾ നഷ്ടപ്പെട്ടകൂലം സങ്കടമനുഭവിക്കുന്ന അവരുടെ കാര്യത്തിൽ ഗവമെൻറ് ഇതിനുമുമ്പു തന്നെ തക്കതായ പരിഹാരം ചെയ്യുമെന്നുള്ള പ്രതീക്ഷയാണു് ഞങ്ങൾക്കുണ്ടായിരുന്നതു. ര ാ ക. ഒരു ഉന്നിപ്പാടിനു് വിലയുണ്ടാകുമെന്നു് എന്റെ ഒരു ചോദ്യത്തിനു് ഈ കൌൺസിലിൽ മറുപടി പറഞ്ഞിട്ടുള്ള സ്ഥിതിക്കു് ഫ ി ക. ഇപ്പോൾ വെച്ചിട്ടുള്ളതു്—ഒരുപക്ഷെ ഫ ാ ക. യുമുണ്ടായിരിക്കും.—മതിയോ എന്നുള്ളതു് ഈ കാര്യത്തിൽ അവരെ ഇതിനുമുമ്പും സഹായിച്ചുകൊണ്ടിരിക്കുന്ന ഗവമെണ്ടു് മുഖാന്തിരം ആലോചിക്കണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. ഇതെല്ലാം അന്വേഷിച്ചറിയുന്നതിനു് ഒരു കമ്മിറ്റിയെ വെക്കണമെന്നാണു് എന്റെ ഉപക്ഷേപത്തിന്റെ താല്പര്യം. ഈ അന്വേഷണംകൊണ്ടു് യാതൊരു പ്രയോജനവുമുണ്ടാകുവാൻ മാർഗ്ഗമില്ലെന്നു് ബഹുമാനപ്പെട്ട റവന്യൂ മന്ത്രി അവർകൾ ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. ഒരുപക്ഷെ അദ്ദേഹത്തിന്റെ അഭിപ്രായം ശരിയായിരിക്കാം. കേവലം ആ പ്രസ്താവനമാത്രം അടിസ്ഥാനമാക്കി ഇരിക്കുന്ന പ്രാധാന്യത്തെ എല്ലാ മെമ്പർമാരും വേണ്ടെന്നുവെക്കരുതെന്നു എനിക്കപേക്ഷയുണ്ടു്. ഒരു കമ്മിറ്റി വെച്ചു ചെയ്യുന്നതിനേക്കാൾ കൂടുതൽ നമ്മുടെ ഗവമെൻറിനു ചെയ്യുവാൻ കഴിയുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

എനിക്കു വിശ്വാസമുണ്ട്. പ്രത്യേകിച്ചും ഇന്നത്തെ ഗവൺമെൻറിനു് ഈ വിഷയത്തിൽ ധീരമായി പ്രവൃത്തിക്കാൻ കഴിയുമെന്നും ഹാർബർ കായ്ങ്ങളിലും മാറ്റം മുന്നിട്ടിറങ്ങി നമ്മുടെ അവകാശങ്ങളെപ്പറ്റി ന്യായമായ വിധത്തിൽ വാദിച്ചു വിജയം കൈവരിച്ചിരിക്കുന്ന നമ്മുടെ ഗവൺമെൻറിനു് ഈ വക കായ്ങ്ങളിൽ വേണ്ടതു ചെയ്യുവാൻ കഴിയുമെന്നും എനിക്കു വിശ്വാസമുണ്ടു്. ഗവൺമെൻറിൻെറ ആ കഴിവുകൾ മുഴുവനും ഇതിലേക്കു വിനിയോഗിച്ചു് സാധുക്കളുടെ ഈ കായ്ത്തിൽ പ്രവൃത്തിക്കണമെന്നു ഞാൻ ഗവൺമെൻറിനോടപേക്ഷിക്കുന്നു. അതോടുകൂടി നൂറു് ഏക്കർ സ്ഥലം അവർക്കു പതിച്ചു കൊടുക്കാമെന്നു പറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ചും രണ്ടു വാക്കു പറയാതെ തരമില്ല. ഹാർബറിനെ സംബന്ധിച്ചുള്ള എൻെറ കട്ടു് മോഷൻ കഴിഞ്ഞ ബഡ്ജറ്റു് സെഷനിൽ വന്നപ്പോൾ ഗവൺമെൻറു് പറഞ്ഞ മറുപടിയിൽ നിന്നാണു് ഈ നൂറു് ഏക്കർ സ്കീമിനെപ്പറ്റി എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്. ഫ ഫ ഫ-ലെ പ്രസ്താവന ഇന്നുവരേയും ഗവൺമെണ്ടിനു നിവൃത്തിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതു എന്തുകൊണ്ടാണെന്നു ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട റവന്യൂ മെമ്പർ പറഞ്ഞ മറുപടി എനിക്കു മുഴുവൻ തൃപ്തിയായി തോന്നുകയുണ്ടായില്ല. അന്യായമായിട്ടാണു് ഉരുപ്പിക അവർക്കു കൊടുക്കുവാൻ ഗവൺമെൻറിലേക്കു ശുപാർശ ചെയ്തിട്ടുണ്ടെന്നും അതുപ്രകാരം ആ സ്ഥലത്തു ബണ്ടു് ചെയ്തു് പ്രവൃത്തിയെടുക്കുവാൻ അനുവദിച്ചിട്ടുണ്ടെന്നും പറഞ്ഞു. അതു ഇതുവരേയും ചെയ്തുകൊടുക്കുവാൻ സാധിച്ചിട്ടില്ലാത്തതു് സെക്യൂരിറ്റി കൊടുക്കാത്തതുകൊണ്ടാണെന്നു പറഞ്ഞു. അവർക്കു സെക്യൂരിറ്റി കൊടുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണു് സംഖ്യ കൊടുക്കാത്തതു്. സാധുക്കളായ അരയന്മാരുടെ കായ്ത്തിൽ വളരെ ദയവായി ഗവൺമെൻറു് പ്രവൃത്തിക്കുമെന്നു് എനിക്കറിയാം. പക്ഷെ ഈ കായ്ത്തിൽ അതു ചെയ്തിട്ടില്ല. യാതൊരു സ്വത്തുമില്ലാത്ത അവർക്കു എങ്ങിനെയാണു് സെക്യൂരിറ്റി കൊടുക്കുവാൻ സാധിക്കുന്നതു് എന്നു ഞാൻ ചോദിക്കുന്നു. ഇപ്പോൾ ഗവൺമെൻറു് ഉദ്ദേശിക്കുന്ന നൂറു് ഏക്കർ സ്ഥലത്തു് ഗവൺമെൻറിൽനിന്നു തന്നെ ചിലവുചെയ്തു ബണ്ടുണ്ടാക്കുകയും അതിനുശേഷം അവരിൽ നിന്നു കുറേശ്ശ വിലയോ കുമത്തി ആ സംഖ്യ കുറേശ്ശയായി ഗവൺമെൻറിനു വസൂലാക്കുകയും ചെയ്യാം. ഒരുപക്ഷേ രണ്ടോ മൂന്നോ ആളുകൾ സെക്യൂരിറ്റി തരുവാൻ ഉണ്ടായിരിക്കാം. എന്നാൽ സെക്യൂരിറ്റി കൊടുക്കുവാൻ കഴിയാത്തവരും ഇതിനു ആവശ്യക്കാരാണു്. അതുകൊണ്ടു് ബണ്ടിനെ സംബന്ധിച്ചിടത്തോളം കായ്ങ്ങൾ ഗവൺമെൻറു് നേരിട്ടെടുത്തു ബണ്ടുചെയ്തു് അവരുടെ കച്ചീട്ടിന്മേൽ വിട്ടുകൊടുത്തു് അവരെക്കൊണ്ടു പ്രവൃത്തിപ്പിക്കണമെന്നാണു് എനിക്കു ഗവൺമെൻറിനോടുള്ള അപേക്ഷ. എത്രയും ഉടനികൾക്കു ഗവൺമെൻറു് ഇപ്പോൾ സംഖ്യ കൊടുത്തുകഴിഞ്ഞിരിക്കുന്നു. അതുപോലെ ഇനിയും അനേകം ഉടനികളുണ്ടെന്നു എനിക്കറിയാം. മുളവുകാട്ടു് മൂന്നു ലൈനിലുള്ള ഉടനികളിൽ ഒരെണ്ണം ഹാർബറിൻെറ പ്രവൃത്തി കൊണ്ടു പോയിയെന്നുപറയുന്നു. മറ്റു രണ്ടു ലൈൻ ഉടനികളും ഹാർബറിൻെറ പ്രവൃത്തികൊണ്ടു ക്ഷയിച്ചുവരുന്നു. പുതിയ പുതിയ തുരുത്തുകൾ ഉണ്ടാക്കുന്നതോടുകൂടി ഒഴുക്കുകളുടെ ഗതി മാറി വരുന്നതുകൊണ്ടാണു് ഇങ്ങിനെ ഉടനികൾ നശിച്ചുവരുന്നതു്. അങ്ങിനെ അവിടെയുള്ള രണ്ടു ലൈൻ ഉടനികൾക്കും തരക്കേടു സംഭവിച്ചിട്ടുള്ളതുകൊണ്ടു് അതിനെപ്പറ്റി ഗവൺമെൻറു് ദയവായി ആലോചിക്കേണ്ടതാണു്. ഗവൺമെൻറു് ഇതുവരെയും അവരോടു തുടർന്നുവന്നിട്ടുള്ള നയം മേലിലും തുടരണമെന്നും ഈ നൂറു് ഏക്കർ സ്ഥലത്തെ സംബന്ധിച്ചിടത്തോളം ഞാൻ പ്രത്യേകിച്ചു് ഗവർണ്മെൻറിൽ കൂടി അതു വിനിയോഗിക്കണമെന്നുമുള്ള അപേക്ഷയോടുകൂടി ഇതിനെ പിൻവലിക്കുവാൻ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Motion was, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

CUT MOTION No. 5.

Mr. A. V. Moothedan: *To reduce the allotment of Rs. 93,361 for Diwan Peishkar's Office Establishment by Re 1. (To request the Government to give relief to those who are adversely affected by the rules fixing water tax for using water from the Manappat Chira in Malayattur Village).*

I want only to make an enquiry whether you have received any petition from these people ?

Mr. K. Achyuta Menon: The petition is under consideration.

Mr. A. V. Moothedan: Then I do not wish to move it.

CUT MOTION No. 6.

Mr. C. K. S Moni: മിസ്റ്റർ പ്രസിഡണ്ട്, സർ, എന്റെ കട്ട്മോഷൻ ഇതാണ്. *To reduce the allotment of Rs. 2,11,278 for Land Revenue Establishment A (votable) by Re. 1. (To urge upon the Government the necessity of re-organising the Fisheries Department).*

വളരെ നാളായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ എത്തിയിട്ടുള്ള ഒരു ഗൗരവമേറിയ പ്രമേയമാണ് ഫിഷറി ഡിപ്പാർട്ട്മെൻറ് പരിഷ്കരണം. മത്സ്യ വ്യവസായികളുടെ സമുദായത്തിനു ഈ പരിഷ്കരണംകൊണ്ട് സിദ്ധിക്കാവുന്ന ഗുണം ഓർത്തു ടി സമുദായക്കാർ ഫ ഫ ഫ ാ മുതൽ പൊതുയോഗങ്ങളിൽനിന്നും പ്രമേയങ്ങൾ പാസ്സാക്കി അയച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ദിവാൻജി അവർകളുടെയും ദിവാൻപേഷ്കാർ അവർകളുടേയും അടുത്തു് സമുദായ പ്രതിനിധികൾ ഡെപ്യൂട്ടേഷൻ പോയി ഈ സംഗതി തന്നെ പലപ്പോഴും നിവേദിപ്പിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ദിവാൻജി അവർകളെ സമീപിച്ചിട്ടുള്ള എല്ലാ അവസരങ്ങളിലും വളരെ ദയയോടുകൂടിയും ആശാജനകമായ വിധത്തിലുമാണ് അദ്ദേഹം മറുപടി നല്കിയിട്ടുള്ളതു്. എന്നാൽ ഫ ഫ ഫ-ലും ഫ ഫ ന-ലും യാതൊരു നടപടിയും ഉണ്ടായതായിഅറിയുന്നില്ല. ഫ ഫ ർ-ലേക്കുള്ള ബഡ്ജറ്റിൽ ഈ ഇനത്തിൽ വല്ലതും ഉൾപ്പെടുത്തുവാനുള്ള കാരുണ്യം ഗവൺമെൻറിനുണ്ടാകുമെന്നു് ഞങ്ങൾ ഓർത്തിരുന്നു. ബഡ്ജറ്റിൽ ഒന്നും കാണാത്തതുകൊണ്ട് സമുദായത്തിനുള്ള നിരാശയെ പ്രകാശിപ്പിക്കുവാനും, ഫ ഫ ർ-ൽ തന്നെ ഇതു നടപ്പിൽ വരുത്തുവാൻ ഗവൺമെൻറിന്റെ ആനുകൂല്യം അപേക്ഷിക്കുവാനുമാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു്.

സർ, റവന്യൂ വകുപ്പിന്റെ ശാഖയായി പേരിനു് ഒരു ഫിഷറി വകുപ്പ് ഈ സംസ്ഥാനത്തിൽ ഫ ഠ വ്യ മുതൽ പ്രവൃത്തിച്ചുവരുന്നുണ്ടെന്നാണ് എന്റെ അറിവു്. വിപുലമായ തോതിൽ വികസിക്കുവാൻ കഴിവുള്ള ഒരു വ്യവസായമാണ് മത്സ്യവ്യവസായം. ഗവൺമെൻറിന്റെ അനുകമ്പാപൂർവ്വമായ സഹായവും പ്രോത്സാഹനവും അർഹിക്കുന്നവരാണ് മത്സ്യവ്യവസായികൾ. നാലഞ്ചു കൊല്ലമായി ഈ തത്വം ഗവൺമെൻറിന്റെ മനനനയത്തിൽ അല്പാല്പം പ്രതിഫലിച്ചു തുടങ്ങിയിട്ടുണ്ടെന്നു കൃതജ്ഞതയോടുകൂടി പ്രസ്താവിക്കാം. ഗവൺമെൻറ് ലൈസൻസ്സു വാങ്ങാതെ കായലിൽ നിന്നും മത്സ്യം പിടിക്കുന്നവരെ ബന്ധവസ്സു ചെയ്യുകമാത്രമായിരുന്ന ഫിഷറീസ് വകുപ്പിന്റെ ചുമതല. ഇ

LIBRARY ARCHIVES Kerala Legislative Assembly

ന്നാകട്ടെ ഫിഷറി വകുപ്പിന്റെ സേവനക്രമത്തിൽ അതിപ്രശസ്തമല്ലെങ്കിലും പ്രസ്താവ്യമായ ചില മാറ്റം കാണാനുണ്ട്. മത്സ്യവ്യവസായികളിൽ എഴുത്തും വായനയും അറിയാത്തവരുടെ സംഖ്യ കുറക്കുവാനും പാരമ്പര്യാഗതമായ മത്സ്യവ്യവസായത്തിൽ കൂടുതൽ അഭിരുചിയും, സാമർത്ഥ്യവുമുണ്ടാക്കുന്നതിനും ഗവൺമെൻറിൽ നിന്നും ഫിഷറി വിദ്യാലയങ്ങൾ സ്ഥാപിച്ചു സൗജന്യവിദ്യാഭ്യാസം നൽകുന്നു. മത്സ്യം ഉപ്പിട്ടുണക്കുന്നതിനു ആദായ നിരക്കിൽ ഉപ്പു കൊടുക്കുവാനും, ആ വഴിക്ക് പ്രസ്തുത വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനുമായി ഏർപ്പെടുത്തിയ മീൻ ചാപ്പകൾ ഫിഷറി ഡിപ്പാർട്ട്മെൻറിലേക്കു മാറ്റിയിരിക്കുന്നു. ഉള്ള ചാപ്പകളെ പരിഷ്കരിക്കുവാനും പുതിയ ചാപ്പകൾ സ്ഥാപിക്കുവാനും ഗവൺമെൻറ് ആലോചനകൾ നടത്തിവരുന്നതായും അറിയുന്നു. കടലിൽ നിന്നും വലിയ മത്സ്യങ്ങളെ പിടിക്കുവാനുള്ള വലകളും അതിനു പറ്റിയ വഞ്ചികളുമില്ലാതെ കടലോരത്തു പാർക്കുന്നവർ ഇന്നു വളരെ വിഷമിക്കുന്നുണ്ട്. ഇത്തരം സാമഗ്രികൾ സ്വാധീനത്തിലുണ്ടെങ്കിൽ ഈ സാധുക്കൾ ഇപ്പോൾ അനുഭവിക്കുന്ന കഷ്ടതകൾക്കു വലിയ ആശ്വാസമുണ്ടാകും. ചില്ലറ കടംവാങ്ങുകൾ വാങ്ങി അന്യർക്കു എന്നും അടിമകളായി കഴിയുന്നവരായി ഇവരുടെ ഇടയിൽ അധികംപേരുണ്ട്. ഈ മാതിരി അവസ്ഥകളെ പരിഹരിക്കുവാനും മത്സ്യക്കച്ചവടത്തിൽ നിന്നു മത്സ്യംപിടിക്കുന്നവർക്കു ഇന്നത്തേക്കാൾ കൂടുതൽ ആദായം ഉണ്ടാക്കിതീർക്കുന്നതിനും മറ്റുമായി ഫിഷറി വകുപ്പു വഴി മത്സ്യവ്യവസായികളുടെ സങ്കേതങ്ങളിൽ സംഘങ്ങൾ രൂപീകരിക്കുവാൻ തുടങ്ങിയിരിക്കുന്നു.

കായലിൽ നാട്ടിയിട്ടുള്ള ഊന്നികളെ ആശ്രയിച്ചു കഴിഞ്ഞിരുന്ന പലരും ഹാർബർ പണിയും, കൃഷിനിലങ്ങളിൽ ചെമ്മീൻ പിടിക്കുന്ന സമ്പ്രദായവും വഴിച്ചുവന്നപ്പോൾ ഊന്നികൾ നാട്ടുവാൻ സ്ഥലമില്ലാതെയും ദുഃഖിക്കുന്നു. പുറമ്പോക്കായി കിടക്കുന്ന പരപ്പുകൾ ചിറ പിടിപ്പിച്ചു മത്സ്യബന്ധനത്തിനുപയുക്തമാക്കിതീർത്തു ഈ സാധുക്കളിൽ കുറേപേക്കെങ്കിലും സങ്കടനിവൃത്തിയുണ്ടാക്കുവാൻ ഒരു പദ്ധതിയും ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുന്നതായി അറിഞ്ഞിട്ടുണ്ട്. ഞാൻ കാണിച്ച രീതിയിൽ പല പരിഷ്കാരങ്ങളും ഫിഷറി വകുപ്പു വഴി സാധിക്കുമെന്നു ഇവിടത്തെ മത്സ്യവ്യവസായികൾ പ്രതീക്ഷിക്കുവാൻ തുടങ്ങിയിട്ടു സംവത്സരങ്ങൾ പലതു കഴിഞ്ഞു. ഇതേവരെ പണത്തിന്റെ ചുരുക്കമാണ് ഒരു കാരണമായി പറഞ്ഞിരുന്നതു. Fisheries Regulation Amendment Bill പാസ്സായതുകൊണ്ടു ഫിഷറി വകുപ്പിലെ ആദായത്തിൽ ഒരംശംകൊണ്ടുതന്നെ ചെറിയ തോതിൽ ഫിഷറി വകുപ്പു പരിഷ്കരണം സാധിക്കാവുന്നതാണ്. പ്രസ്തുത ബില്ലിന്റെ ആലോചനയ്ക്കായി ഏർപ്പെടുത്തിയ Select Committee യുടെ അദ്ധ്യക്ഷനായിരുന്ന ശ്രീമാൻ അമ്പാടി ശങ്കരമേനോൻ അവർകളും ടി കമ്മിറ്റിയുടെ ഒരംഗമായ ദിവാൻപേഷ്കാർ മിസ്റ്റർ അച്യുതമേനവനും പ്രസ്തുത ബില്ലിനെ അനുകൂലിച്ചുകൊണ്ടെഴുതിയ കുറിപ്പുകളിലെ സ്മരണീയവും ഗുണകരവുമായപ്രസ്താവനകൾ ഫുൾസ്കാപ്പ് ചിങ്ങം ൧൧൰൩൰യിലെ ഗസറ്റിൽ പരസ്യം ചെയ്തിട്ടുള്ളതു ഞാൻ ഇവിടെ വായിക്കാം. ഇപ്പോൾ ഈ സംസ്ഥാനത്തിൽ കൊച്ചിങ്കണയന്തൂർ, കൊടുങ്ങല്ലൂർ, മുകുന്ദപുരം ഈ മൂന്നു താലൂക്കുകളിലാണ് ഫിഷറി സംബന്ധമായ തൊഴിലുകൾ പ്രധാനമായി നടക്കുന്നതു. അവിടെയെല്ലാം ഫിഷറി വകുപ്പിന്റെ ശ്രദ്ധയും നോട്ടവും എത്താതെ കഴിയുകയില്ല. നാനാദേശങ്ങളിലായി കിടക്കുന്ന മത്സ്യവ്യവസായികളുടെ ആവശ്യങ്ങൾ പഠിച്ചു അവയെ ഗവൺമെൻറിന്റെ മുമ്പിൽ സമർപ്പിക്കുവാനും അവരുടെ സാമൂഹ്യവും വ്യവസായപരവുമായ ഉന്നതിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ അതാതു കാലം നല്കുവാനും ഉള്ള പ്ര

LIBRARY ARCHIVES Kerala Legislative Assembly

ധാനമായ ചുമതല ഈ വകുപ്പിനാണ്". അങ്ങിനെയുള്ള ഒരു വകുപ്പ് പണ്ട് 'ഫിഷറി പെട്രോൾ' മാത്രം നടത്തിക്കൊണ്ടിരുന്ന കാലത്തെന്നപോലെ ഇന്നും ധാരാളത്തിലധികം റവന്യൂ ജോലികളുള്ള താസിൽദാരന്മാരുടെ കീഴിൽ ഇട്ടുകൊണ്ടിരിക്കുന്നതിൽ യാതൊരു ഭരണസൌകര്യവുമില്ലെന്നു മാത്രമല്ല അടിയന്തിരകാര്യങ്ങൾപോലും നടപ്പിൽ വരുവാൻ അനാവശ്യമായ താമസവും വിഷമവും നേരിടുന്നു. എല്ലാ താലൂക്കുകളിലും അധികാരമുള്ള ദിവാൻപേഷ്കാർ അവർകളുടെ നേരെ കീഴിലായി പ്രസ്തുത വകുപ്പു ശുപീകരിക്കയാണെങ്കിൽ അതു മത്സ്യവ്യവസായത്തിനും സമുദായത്തിനും കൂടുതൽ പ്രയോജനകരമായിരിക്കും. ഇതു ഒരു ചെറിയ പരിഷ്കാരമെങ്കിലും ഉടനെ ചെയ്യേണ്ടതാണ്". ഇതിനെ സംബന്ധിച്ചു ദിവാൻപേഷ്കാർ അവർകളുടെ ഒരു സ്കീം ഉണ്ടായിരുന്നതായും ഫ ഫ ർ -ൽ അതു് നടപ്പിൽ വരുത്തുമെന്നും കേട്ടിരുന്നു. എന്നാൽ അതിനെപ്പറ്റി ഒരു തീരുമാനം ചെയ്യുകാണാത്തതിൽ ഫ ഫ ർ -ൽ തന്നെ നടപ്പിൽ വരുത്തുവാൻ ഗവൺമെൻറിനേയും പ്രത്യേകിച്ചു്, ദിവാൻജി അവർകളുടേയും ശ്രദ്ധ ഇതിൽ പതിഞ്ഞുകാണുവാനായിട്ടാണു് ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു".

Mr. V. K. Kutty: I second it.

Mr. K. M. Ibrahim: Can't we get some light Sir, on the scheme submitted by the hon'ble member for Revenue?

Mr. K. Achyuta Menon: I am unfortunately not in a position to disclose my report to the Government. The report is submitted to the Government and now they have asked me some queries. The question of re-organising the Fisheries Department is engaging the attention of the Government and my scheme is being considered. Hon'ble members will realise that it is a large scheme. The question is whether the Department should be directly placed under the Diwan Peishkar.

Mr. V. K. Kutty: ഫ ഫ ർ -ൽ എങ്കിലും ഇതിന്റെ റിഗാർഡ് നൈസേഷൻ നടത്തുമോ?

Mr. K. Achyuta Menon: Do hon'ble members think that Government have no interest in the matter? It is as much in the interest of the Government as also in the interest of the fishermen that the scheme is prepared. The Fishery Inspector was once asked to submit a scheme. The Advisory Committee suggested this. That question was considered by Government. Some steps have been taken. But now a more comprehensive scheme has been prepared and it is engaging the attention of the Government. The Government is seriously considering this question. The question whether it will come into effect in 1114 or 1115 is after all of not much consequence in a scheme of this magnitude.

Mr. C. K. S. Moni: സർ, ബഹുമാനപ്പെട്ട ഗവൺമെൻറ് ഈ കാര്യത്തിൽ ഔദാരവമായി ആലോചിക്കാമെന്നു പറയുന്നതുകൊണ്ടും അതു ചെയ്യുമെന്നു എനിക്കു നല്ല വിശ്വാസമുള്ളതു കൊണ്ടും ഞാൻ ഈ ഉപക്ഷേപം

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്സ് ചെയ്യണമെന്ന വിചാരിക്കുന്നില്ല. ഇതു ഫ ഫ ഫ ര -ൽ തന്നെ നടപ്പിൽ വരുത്തിയാൽ കൊള്ളാമെന്ന ഗവമ്മെണ്ടിനെ ധരിപ്പിക്കുവാൻ മാത്രമാണ്. ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. ഇപ്പോൾ ദിവാൻപേഷ്കാർ അവർകളും ഇതിനെപ്പറ്റി ഗാഢമായി ആലോചിക്കുന്നുണ്ടെന്നു പറഞ്ഞതു കൊണ്ടും ഫ ഫ ഫ ര -ൽ തന്നെ ഇതു നടപ്പിൽ വരുത്തുമെന്ന വിശ്വാസം ഏ നിക്കുള്ളതുകൊണ്ടും സഭയുടെ അനുമതിയോടു കൂടി ഞാൻ ഇതു് പിൻവലി ച്ചുകൊള്ളുന്നു.

Motion was, by leave, withdrawn.

CUT MOTION No. 7.

Mr. K. P. Vallon: *To reduce the allotment of Rs. 2,75,342 for Land Revenue Total by Re. 1.*

മിസ്റ്റർ പ്രസിഡെണ്ടു്, "സർ, അധഃകൃതസംരക്ഷണവകുപ്പിൽ നിന്നും പുറമ്പോക്കു സ്ഥലങ്ങളിൽ കുടി പാർപ്പിക്കുന്ന അധഃകൃതരെ കുടിയിറക്കിയും കഴി ച്ചും വിടുന്നതു" നിർത്തൽ ചെയ്യണമെന്നപേക്ഷിക്കുവാൻ" വേണ്ടിയാണു് ഈ നിർദ്ദേശം ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. അധഃകൃതർക്കു കുടിപാർക്കുന്നതിനു ള്ള പുറമ്പോക്കു സ്ഥലങ്ങൾ സാധാരണ സംരക്ഷണവകുപ്പിൽ നിന്നാണു് പതി ച്ചുകൊടുക്കുന്നതു്.

Mr. K. Achyuta Menon: അല്ല; റവന്യൂ ഡിപ്പാർട്ട്മെൻറിൽ നിന്നാണു്.

Mr. K. P. Vallon: അധഃകൃതഡിപ്പാർട്ട്മെൻറാണു് ഇതുവരെയും സ്ഥലം കൊടുത്തിട്ടുള്ളതു്

Mr. K. Achyuta Menon: അതെ.

Mr. K. P. Vallon: ഞാറക്കൽ പുറമ്പോക്കുസ്ഥലം ആരാണു് കൊടു ത്തതു്?

Mr. K. Achyuta Menon: അതു കയ്യേറ്റം ചെയ്തതാണു്.

Mr. K. P. Vallon: ഈ കാര്യത്തെപ്പറ്റി ഞാൻ എൻെറ ബഡ്ജറ്റു പ്രസംഗത്തിൽ പറഞ്ഞപ്പോൾ ഗവമ്മെൻറു അറിഞ്ഞിട്ടില്ലെന്നാണു് പറഞ്ഞ തു്. എന്നാൽ അധഃകൃതർ താമസിക്കുന്ന ഞാറക്കൽ, ഇളങ്കുന്നപ്പുഴ മുതലായ സ്ഥലങ്ങളിൽ സംരക്ഷണവകുപ്പിൽ നിന്നും കുറെ കൃപാ ചിലവു ചെയ്തതായി കാണുന്നുണ്ടു്. അതായതു് ഫ ൦ വ -ലെ ആനുവൽ റിപ്പോർട്ടിൽ ഇളങ്കുന്നപ്പുഴയ്ക്കു് ൪ ൦ ൦ ക. ചിലവു ചെയ്തതായി കാണുന്നുണ്ടു്. അങ്ങിനെ ഗവമ്മെൻറിൽ നിന്നും ചിലവു ചെയ്താണു് അധഃകൃതരെ പുറമ്പോക്കു സ്ഥലങ്ങളിൽ പാർപ്പി ച്ചിരിക്കുന്നതു്. ഗവമ്മെൻറു് അറിയാതെയാണെന്നു പറയുന്നതിലാണു് വ ളരെ സങ്കടം തോന്നുന്നതു്. എൻെറ ബഡ്ജറ്റു് പ്രസംഗത്തിൽ സംരക്ഷണവ കുപ്പും റവന്യൂ വകുപ്പും തമ്മിലുള്ള സൌന്ദർയ്യപിണക്കം മൂലമാണു് സാധുക്കൾ ക ഷ്ടപ്പെടുന്നു എന്നു പറയാൻ കാരണം. അതിൽ അധഃകൃതർ ഒരിക്കലും കുറ്റക്കാ രല്ല. കുറ്റക്കാരാകുവാൻ ന്യായവുമില്ല.

Mr. T. A. Ramachandra Ayyar: പിന്നെ ആരാണു് കുറ്റ ക്കാർ?

Mr. K. P. Vallon: ഒരു ഗവമ്മെൻറു് സംഖ്യകൾ ചിലവു ചെയ്തു പാർപ്പിക്കുന്നു. ഒരു ഗവമ്മെൻറു് പറഞ്ഞയക്കുന്നു. ഈ അടുത്ത അവസര ത്തിൽ റവന്യൂ വകുപ്പുകാർ അധഃകൃതരെ നിർബ്ബന്ധപൂർവ്വം കുടിയിറക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രമിച്ചതായി എനിക്കറിയാം. എളങ്കുന്നപ്പുഴയിൽ നിന്ന് നാലഞ്ചു കുടിക്കാരെ ഇറക്കിയതിനെപ്പറ്റി ഒരു സംഗതി എനിക്ക ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനുണ്ട്. എളങ്കുന്നപ്പുഴയിലെ അധഃകൃതക്ക് ഒരു കോളനി തിരിച്ചുകൊടുത്തിട്ട് ഇപ്പോൾ രണ്ടു കൊല്ലമായി. ചില ജന്മികൾക്ക് ആ സ്ഥലം റവന്യൂ വകുപ്പുകാർ പതിച്ചുകൊടുത്തതായി പറയപ്പെടുന്നു. കുണ്ടും കുഴിയുമായി കിടന്നിരുന്ന ആ സ്ഥലം ആറേഴ കൊല്ലമായി ദേഹണ്ഡം ചെയ്ത് അവർ നന്നാക്കി ഫലവത്തായപ്പോൾ ഈ സാധുക്കൾ അറിയാതെ ജന്മികളുടെ കയ്യിൽ ആ സ്ഥലം എങ്ങിനെ പോയി എന്നാണ് നാം ആലോചിക്കേണ്ടത്. ഇപ്പോൾ ആ ജന്മികൾ അവരെ കുടിയിറക്കുവാൻ പോകുന്നു. അതിനെപ്പറ്റി ഗവൺമെൻറ് നല്ലവണ്ണം ആലോചിക്കേണ്ടതാണ്. ഈ പ്രവൃത്തി നടക്കുന്നത് എളങ്കുന്നപ്പുഴയിൽ മാത്രമല്ല. മറ്റു പലെ സ്ഥലങ്ങളിലും അധഃകൃതരെ കഷ്ടപ്പെടുത്തുന്നുണ്ട്. ഞാൻ ആരേയും കുറ്റം പറയുന്നില്ല. ഇനിയെങ്കിലും സാധുക്കൾക്ക ഇങ്ങിനെയുള്ള ഉപദ്രവം വരാതിരിപ്പാൻ ഗവൺമെണ്ട് ശ്രദ്ധിക്കണമെന്നപേക്ഷയുണ്ട്. അവർ പ്രയത്നങ്ങൾ ചെയ്ത് അനുഭവപ്പെട്ടവരുമ്പോൾ അവക്ക് വേറെ സ്ഥലം കൊടുക്കാമെന്നു പറയുന്നു. അതുമാത്രമല്ല വഷ്ക്കാലത്തു അവരോട് റവന്യൂ ഡിപ്പാർട്ടുമെണ്ടുകാർ സ്ഥലത്തുനിന്നു ഇറങ്ങിപോകുവാൻ പറയുന്നു. ഇങ്ങിനെ പറഞ്ഞാൽ അവർ എവിടെപോയി താമസിക്കുമെന്നു ഞാൻ ഗവൺമെണ്ടിനോട് ചോദിക്കുന്നു. സംരക്ഷണ വകുപ്പിനു അധഃകൃതരെ താമസിപ്പിക്കുവാൻ അധികാരമില്ലെങ്കിൽ അതു" അവക്ക കൊടുത്ത ഉദ്യോഗസ്ഥൻറെമേൽ നടവടി നടത്തണം. അല്ലാതെ സാധുക്കളെ ഉപദ്രവിക്കരുതു". ഞാൻ അധികമൊന്നും പറയുന്നില്ല. ഇതെല്ലാവരും അനുകൂലിച്ചു സാധുക്കളെ രക്ഷിക്കണമെന്നു ഞാൻ സഭയോട അപേക്ഷിക്കുന്നു.

Mr. C. K. S. Moni: I second it.

Mr. K. Achyuta Menon: Mr. President Sir, I think it is my clear duty to inform the House as to what is going on so that we may understand the whole situation.

സർ, നാട്ടിലെന്തൊക്കെയാണ് നടക്കുന്നതെന്നു ഈ സഭയെ അറിയിക്കേണ്ട ഒരു ഭാരം എനിക്കുണ്ടെന്നാണ് തോന്നുന്നതു". ഞാൻ ഈ ഡിപ്പാർട്ടുമെണ്ടിൽ വന്നിട്ട അഞ്ചു കൊല്ലത്തോളമായി. എവിടെയൊക്കെ കൊച്ചി രാജ്യത്തു പുറമ്പോക്കു സ്ഥലങ്ങളുണ്ടോ അവിടെയൊക്കെ അധഃകൃതർ കയ്യേറിയെടുത്തിരിക്കയാണ്". കന്നുകാലികൾക്കു മേയാൻ ഇട്ടിരിക്കുന്ന സ്ഥലമായാലും വേണ്ടില്ല, കടലോരങ്ങളിലുള്ള സ്ഥലമായാലും വേണ്ടില്ല തങ്ങൾ സാധുക്കളാണെന്നു പറഞ്ഞു അതു് അധഃകൃതർ കയ്യേറുകയാണ് പതിവു്. സാധാരണ ചെയ്യുക ചില സംഘക്കാർ ചെയ്യുന്നതാണിതെന്നു വിചാരിക്കുവാൻ തരമില്ല. ഇതൊരു നയമായിട്ട അവർ സ്വീകരിച്ചു ചെയ്യുന്നതുപോലെയാണ് എനിക്കു തോന്നുന്നതു". ഈ സമ്പ്രദായം ഞാൻ വരുമ്പോൾ തന്നെയുണ്ട്. ഏഴെട്ടു കൊല്ലത്തോളമായി ഇതു് തുടങ്ങീട്ട് എന്നു എൻറെ മാന്യ സ്നേഹിതൻ പറഞ്ഞു. പക്ഷെ പന്ത്രണ്ടു കൊല്ലമായി ഈ എക്സ്ചേഞ്ച് സ്കീം തുടങ്ങീട്ട്. കടലാക്രമണംകൊണ്ട് പലരുടേയും ഭൂമികൾ കടലെടുത്തുപോയിട്ടുണ്ട്. എന്നെങ്കിലും കടൽ വെച്ചുകിട്ടിയാലോ എന്നുള്ള മോഹംകൊണ്ട് ഭൂമിയുടമസ്ഥന്മാർ ഇന്നും കരം കൊടുത്തുവരുന്നുണ്ട്. ഇങ്ങിനെ ൨൦, ൨൫ കൊല്ലമായി കടലെടുത്തുപോയിട്ടുള്ള സ്ഥലമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P. Vallon : അധഃകൃതർ ഈ ഭൂമികൾ കയ്യേറുന്നതിനു ഗവൺമെണ്ടിൽനിന്നും വേണ്ട സഹായം ചെയ്തുകൊടുക്കാറുണ്ടൊ ?

Mr. K. Achyuta Menon : ഏതു് സ്ഥലത്താണു് ഇവർ കയ്യേറിയിരിക്കുന്നതെന്നു നോക്കുകയാണെങ്കിൽ ഇരുപതൊ രുപത്തഞ്ചൊ കൊല്ലമായി കടലെടുത്തുപോയിട്ട പിന്നീട വെച്ചിട്ടുള്ള സ്ഥലത്താണു്; ഈ സർവ്വെ നമ്പറിന്റെ ഉടമസ്ഥന്മാർ വല്ലപ്പോഴും കരം വെച്ചുകിട്ടിയാലൊ എന്നു വിചാരിച്ചു നികുതി കൊടുത്തുകൊണ്ടിരിക്കുന്ന സ്ഥലത്താണു്. കടൽ വെക്കുന്ന സ്ഥലം രണ്ടാമതും അതിന്റെ ഉടമസ്ഥന്മാർക്കുതന്നെ എടുക്കുവാൻ സ്വാതന്ത്ര്യമുണ്ടൊ എന്നുള്ളതിനു വേറെ വാദമുണ്ടു്. ഇങ്ങിനെ കരം വെച്ചിട്ടുള്ള സ്ഥലത്താണു് ഇവർ കുടിയേറി പാർക്കുന്നതു്. ഇങ്ങിനെ കയ്യേറി പാർക്കുന്നതിനു ഒരു ഗവൺമെണ്ടു് ഒരു ഡിപ്പാർട്ടുമെണ്ടും അവരെ പ്രോത്സാഹിപ്പിക്കുമെന്നു വിചാരിക്കുവാൻ ഞാൻ ന്യായം കാണുന്നില്ല. എന്തുകൊണ്ടെന്നാൽ ഇതിനുള്ള കൂലിസ്സു് വളരെ ക്ലിപ്തമായിട്ടുള്ള ഒന്നാണു്. റവന്യൂവകുപ്പാക്കു സ്ഥലങ്ങൾ ഇതു ഏക്കർ വീതം കൊല്ലന്തോറും അധഃകൃതർക്കു പതിച്ചു കൊടുക്കണമെന്ന നിയമപ്രകാരം കണക്കുണ്ടു്. ൧൦ മുതൽ ൫൦ വരെ ഏക്കർ സ്ഥലം ഇവർക്കു പതിച്ചു കൊടുക്കുവാൻ അവകാശമുണ്ടു്. അതു കൊടുക്കുവാൻ ഞങ്ങൾ നിർബ്ബന്ധിതരുമാണു്. സ്ഥലം വേണമെന്നു അപേക്ഷിക്കുന്നവർക്കു അങ്ങിനെ കൊടുക്കാറുമുണ്ടു്.

പിന്നെ അവർ കയ്യേറിയ സ്ഥലങ്ങളിൽ ആറേഴ കൊല്ലമായി ചമയങ്ങളുണ്ടാക്കിയെന്നാണു് പറയുന്നതു്.

Mr. K. S. Panicker : ചമയങ്ങൾ ഉണ്ടാക്കിയതായിട്ടു റിക്കാർട്ടുണ്ടൊ?

Mr. K. Achyuta Menon : പറയുന്നപോലെയുള്ള ചമയങ്ങളൊന്നുമില്ല. ചില മിക്കിൽ ചില തൈകളൊക്കെ വച്ചിട്ടുണ്ടാകും. ഉടമസ്ഥന്മാർ ഇതിനു എന്തു പിഴച്ചു. അവരുടെ സ്ഥലത്തു വല്ലവരും വന്നു കയ്യേറിയാൽ അവർ മിണ്ടാതിരിക്കുമൊ ? ഈ അധഃകൃതർ താമസിക്കുന്ന പാപ്പിടത്തിനു അടുത്തുള്ള സ്ഥലമൊക്കെ അവർ കയ്യേറി എടുത്തിരിക്കയാണു്. അവർക്കു വേറെ സ്ഥലം ഗവൺമെണ്ടു് നീക്കിവെച്ചിട്ടുണ്ടു്. എന്നാൽ ആ സ്ഥലത്തേക്കു അവർ പോകയില്ല.

Mr. K. R. Viswambharan : എന്തുകൊണ്ടു് പോകയില്ല ?

Mr. K. Achyuta Menon : അവർ പോകയില്ല. എനിക്കു മുമ്പുള്ള സ്ഥലം എനിക്കു വേണം എന്നും പറഞ്ഞു കണ്ട സ്ഥലമൊക്കെ അവർ കയ്യേറും. ഏതായാലും അന്യന്യായമായി നികുതി കൊടുക്കുന്ന സ്ഥലത്താണു് അവർ ചെന്നു താമസിക്കുന്നതു്. അവരോടു ചോദിക്കുമ്പോൾ സംരക്ഷണ ഡിപ്പാർട്ടുമെണ്ടിൽ നിന്നാണു് തങ്ങളെ പാർപ്പിച്ചതു് എന്നു പറയും.

Mr. K. R. Viswambharan : അധഃകൃത സംരക്ഷണ ഡിപ്പാർട്ടുമെണ്ടിൽ ഇവരുടെ കയ്യേറ്റത്തെപ്പറ്റി വല്ല റിപ്പോർട്ടും കിട്ടീട്ടുണ്ടൊ ?

Mr. K. Achyuta Menon : ഇല്ല.

Mr. K. S. Panicker : നികുതി കൊടുക്കുന്ന ആളുകൾക്കു ഇവരുടെ കയ്യേറ്റത്തെപ്പറ്റി അക്ഷേപമുണ്ടൊ ?

Mr. K. Achyuta Menon : ഉണ്ടു്. ഡിപ്പാർട്ടുമെണ്ടിൽനിന്നു പതിച്ചുകൊടുത്തു എന്നു പറയുന്നതിൽ റിക്കാർട്ടില്ല, എന്നു തന്നെയല്ല പ്രൊട്ടക്ടർക്കു സ്ഥലം പതിച്ചു കൊടുക്കുവാൻ അധികാരവുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. R. Viswambharan: റവന്യൂ മാന്വൽ പ്രകാരം അധീകൃതർക്ക് സ്ഥലം പതിച്ചു കൊടുക്കുവാൻ പ്രൊവിഷനില്ലേ?

Mr. K. Achyuta Menon: ഉണ്ട്.

Mr. K. R. Viswambharan: കടലെടുത്തുപോയിട്ടുള്ള സ്ഥലത്തിന്റെ ഉടമസ്ഥന്മാർക്ക് ആ സ്ഥലമല്ലാതെ വേറെ സ്ഥലം കൊടുക്കുവാൻ നിവൃത്തിയില്ലേ?

Mr. K. Achyuta Menon: അതു് എങ്ങിനെയാണു്. അതു് അവർക്കുതന്നെ കൊടുക്കുന്നതാണു് ധർമ്മം. കയ്യേറിയ കൂട്ടർക്കല്ല കൊടുക്കേണ്ടതു്, ഉടമസ്ഥനു തന്നെയാണു്. ഒരധീകൃതൻ കൊടുകരയിൽ കന്നുകാലികൾക്കു മേയാൻ ഇട്ടിരിക്കുന്ന സ്ഥലത്തു കയ്യേറുന്നതു് ഞാൻ ദിവാൻജിയെ ഒരിക്കൽ കാണിച്ചു കൊടുത്തു. സിൽവർ ജൂബിലി സ്മാരകമായി പത്തു സെൻറു് സ്ഥലം വീതം സാധുക്കൾക്കു പതിച്ചു കൊടുക്കുന്നതാണെന്നു ഗസറ്റിൽ പ്രസിദ്ധംചെയ്തിരിക്കുന്ന കാലത്താണു് അതു നടന്നതു്. ആ അധീകൃതൻ നല്ലസ്ഥലം നോക്കി കോൽ നാട്ടാൻ ശ്രമിച്ചതാണെന്നാണു് എനിക്കു തോന്നുന്നതു്. ഇങ്ങിനെ ചെയ്തിട്ടു് അവരും വരും ആ സ്ഥലത്തെന്നെ കൊടുക്കണമെന്നു പറഞ്ഞുകൊണ്ടു്. ഇതു ബഹുമാനപ്പെട്ട മെമ്പർമാർ എന്നോടുകൂടി വന്നാൽ ഞാൻ കാണിച്ചുതരാം. പിന്നെ ഒരു കുണക്കൻ ഇങ്ങിനെ ഒരു ഇരുപതു സെൻറും വേറെ ഒരു ഇരുപതു സെൻറും കൂടി നാല്പതു സെൻറു സ്ഥലം കയ്യേശം ചെയ്തുകൊണ്ടിരിക്കുന്നുണ്ടു്.

Mr. K. R. Viswambharan: വരന്തരപ്പിള്ളിയിൽ സ്ഥലം അനുവദിച്ചുതരണമെന്നു് അപേക്ഷിച്ചുകൊണ്ടു് അഞ്ചാറു കൊല്ലം മുമ്പു് അധീകൃതരുടെ വല്ല ഹർജിയും ഗവൺമെണ്ടിനു കിട്ടീട്ടുണ്ടോ?

Mr. K. Achyuta Menon: ഒരൊറ്റദിക്കിൽ നിന്നെങ്കിലും കയ്യേറ്റം ചെയ്യുന്നതിനുമുമ്പു് ഹർജി കൊടുത്തിട്ടില്ല.

Mr. K. R. Viswambharan: അതിനു മുമ്പു് കൊടുത്തിട്ടില്ലെന്നു തീർച്ചയായിട്ടു് റവന്യൂ മെമ്പർക്കു പറയാമോ?

Mr. K. Achyuta Menon: തീർച്ചയായിട്ടും കൊടുത്തിട്ടില്ല. കന്നുകാലികൾക്കിട്ടിരിക്കുന്ന കൃഷിസ്ഥലമായാലും വേണ്ടില്ല അവർ വന്നു കയ്യേറും. എവിടെയെങ്കിലും ന്യായമായി ചോദിച്ചാൽ കൊടുക്കുവാൻ എപ്പോഴും ഞങ്ങൾഒരുക്കമാണു്.

Mr. K. Kochukunjan Kaimal: അവരുണ്ടാക്കുന്ന ചമയങ്ങൾക്കു വില കൊടുക്കാറുണ്ടോ?

Mr. K. Achyuta Menon: കയ്യേറ്റം ചെയ്തിട്ടുള്ള ആളുകൾക്കു ചമയവില കൊടുക്കാറില്ല.

Mr. K. S. Panicker: ഞാറക്കൽ പുലയർ കയ്യേറി എന്നു പറയുന്ന സ്ഥലം ജന്മികൾ ഇതേവരെയും കരം കൊടുത്തുകൊണ്ടിരിക്കുന്ന സ്ഥലമാണെന്നു ദിവാൻപേഷ്കാർ അവർകൾക്കു ധൈര്യമായി പറയാമോ?

Mr. K. Achyuta Menon: വളരെ ധൈര്യമായി പറയാം.

Mr. K. S. Panicker: ജന്മികൾ കരം കൊടുത്തുകൊണ്ടിരുന്ന സ്ഥലമാണൊ ഇവർ കയ്യേറിയതു് എന്നു പറയുവാൻ താങ്കൾക്കുണ്ടോ?

Mr. K. Achyuta Menon: അതെ. ആരെങ്കിലും കരം കൊടുക്കാത്ത ഒരിഞ്ചു സ്ഥലം പോലും അവിടെയില്ല. ഒരാൾ അല്ലെങ്കിൽ വേറെ ഒരാൾ കരം കൊടുത്തിരുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. S. Panicker: ഒരാൾ കരം കൊടുത്തുവന്നിരുന്ന ആ സ വ്വെനസ്സ തന്നെയാണൊ കരവെച്ചതിനശേഷം അയാൾക്ക കൊടുക്കുന്നത"?

Mr. K. Achyuta Menon: ആരെങ്കിലും കരം കൊടുത്ത സ്ഥല മായിരിക്കും. ആ സവ്വെനസ്സ തന്നെയാണ" കൊടുത്തത" എന്ന" ചില പ്പോൾ വരികയില്ല. എക്സ"ചേഞ്ച" കൊടുത്തിട്ടുള്ളതു" കരം കൊടുത്തിട്ടുള്ള സവ്വെനസ്സിനു പകരമാണെന്ന തീർച്ചയാണ". അതല്ല പോയിൻറ", അധഃകൃ തർ കയ്യേറുന്നതിനെപ്പറ്റിയാണ" ഇവിടെ പറയുന്നതു". അന്യരുടെ സ്ഥലം കയ്യേറി എന്തെല്ലാം ചമയങ്ങൾ ഉണ്ടാക്കിയാലും കരം കൊടുക്കുന്നവക്കാണ" വസ്തുക്കളുടെ അവകാശം.

Mr. K. R. Viswambharan: സ്ഥലത്തുനിന്നിറക്കുവാനുള്ള അ വകാശം അവക്കുണ്ടൊ ?

Mr. K. Achyuta Menon: സ്ഥലം കയ്യേറി എടുത്താൽ സ്ഥലമു ടമസ്ഥന്മാക്ക" അവരെ ഇറക്കുവാനുള്ള അവകാശമില്ലെ ? ഭൂമിയുടമസ്ഥന്മാക്ക ചില അവകാശങ്ങളൊക്കെയുണ്ട". അതിനെ വകവെക്കാതെ ഏതെങ്കിലും ജാതിക്കാർ വന്നു കയ്യേറിക്കഴിഞ്ഞാൽ അവക്ക" ആ ഭൂമി വിട്ടുകൊടുക്കണമെന്നു ഈ ഹൌസു തീർച്ചയാക്കിയാൽ എനിക്ക" അതിൽ വിരോധമില്ല. പക്ഷെ ആർഡറില്ലാതെ ഞങ്ങൾക്കിങ്ങനെ ചെയ്യാൻ സാധിക്കയില്ല. കയ്യേറിയതു" അധഃകൃതരാണെന്നുവെച്ച" അവരെ അവിടെനിന്നു ഒഴിപ്പിക്കരുതു" എന്നു പറ ഞ്ഞാൽ അതിനു നിവൃത്തിയില്ല.

Mr. M. K. Devassy: Has any application has been refused before making any provision in other places ?

Mr. K. Achyuta Menon: We do not make any provision for encroachers.

Mr. M. K. Devassy: If a member of the depressed class community applies ?

Mr. K. Achyuta Menon: We always give them sites wherever they are available.

Mr. V. K. Kutty: ഫാമു-ലെ അഡ"മിനിസ്ട്രേഷൻ റിപ്പോർട്ടിൽ അഞ്ചൂരു ശ്രീ എളങ്കുന്നപ്പുഴ കോളനിക്ക" ചിലവുചെയ്തതായി കാണുന്നുണ്ട". അതു" ശരിയാണോ ?

Mr. K. Achyuta Menon: അതിൽ എനിക്കൊരു ബാല്യുതയു മില്ല.

Mr. K. Ayyappan: ബഹുമാനപ്പെട്ട റെവന്യൂ മെമ്പർ അവർ കൾ ചെയ്ത പ്രസംഗത്തിൽ അധഃകൃതരോടു" അദ്ദേഹത്തിനു" വളരെ അനുക മ്പയുണ്ടെന്നു അദ്ദേഹം സമ്മതിക്കയുണ്ടായി. അദ്ദേഹവും ദിവാൻജിയും കൂടി പോകുമ്പോൾ ഒരധഃകൃതൻ—

Mr. K. Achyuta Menon: ഒന്നല്ല.

Mr. K. Ayyappan: നിങ്ങളുടെ മനസ്ഥിതിയുടെ മാഹാത്മ്യത്തെ പറ്റി അറിയുവാൻ വേണ്ടിയാണ" ഞാൻ ഇതു" പറയുന്നതു"—വഴിയരികിൽ കൂടി വെച്ചുകെട്ടുന്നതിനു" കോൽ കുഴിച്ചിടുന്നതു കണ്ടു എന്നു പറഞ്ഞു. എന്തിനുവേണ്ടി. അവന്റെ തലയൊന്നു ചായിക്കുവാൻ, മഴയത്തു" മഴകൊ

LIBRARY ARCHIVES Kerala Legislative Assembly

ള്ളാതിരിക്കുവാൻവേണ്ടി ഒരു കൂടിൽ കെട്ടുന്നതിനു്. സ്വല്പം മുമ്പെ ഇവിടെ പറഞ്ഞു ഒരു വലിയ ഉദ്യോഗസ്ഥൻ ൽ ൦ ഏക്കർ സ്ഥലം പതിച്ചുകൊടുക്കുവാൻ ഗവൺമെൻറിനോടു് അപേക്ഷിച്ചിരിക്കുന്നു എന്നു്. ഞാൻ പറയുന്നതു് അധഃകൃതക്കുറവനു മനുഷ്യജീവിതത്തിന്റെ സംഗതിയെന്നും അറിഞ്ഞുകൂടാ എന്നാണു്. അധഃകൃത ഡിപ്പാർട്ടുമെൻറിന്റെ മുറയെന്തു്, റവന്യൂ ഡിപ്പാർട്ടുമെൻറിന്റെ മുറയെന്തു്, ഇതൊന്നും അവർക്കു അറിയുവാൻ പാടില്ല. കിടക്കുവാൻ സ്ഥലമില്ലാതെ കഷ്ടപ്പെടുന്ന അവർ ചില സ്ഥലത്തുചെന്നു് കൂടിൽ വെച്ചുകെട്ടി താമസിക്കുന്നു. അവർ ബുദ്ധിമുട്ടി ആ സ്ഥലങ്ങൾ വേണ്ട ദോഷണ്ഡംചെയ്തു് നന്നാക്കുമ്പോൾ വില്ലേജുദ്യോഗസ്ഥന്മാർ വന്നു ആ സാധുക്കളെ അവിടെനിന്നു് പറഞ്ഞയക്കുന്നു. ഈ അക്രമത്തെ ഈ നിയമസഭ സമ്മതിച്ചുകൊടുക്കാമോ എന്നാണു് ഞാൻ ചോദിക്കുന്നതു്? ദോഷണ്ഡം ഉണ്ടാക്കുന്നതിനുമുമ്പു് എന്തുകൊണ്ടാണു് ഒഴിപ്പിക്കാൻ നോക്കാത്തതു്?

ഗവൺമെൻറിന്റെ റവന്യൂ ഉദ്യോഗസ്ഥന്മാർ ഗവൺമെൻറു് പണവും പററി കൊണ്ടു് ഈ രാജ്യത്തു് എന്തു ചെയ്തു എന്നാണു് ഞാൻ ചോദിക്കുന്നതു്?

Mr. K. Achyuta Menon: അഞ്ചു കൊല്ലമായി ഇതു തുടങ്ങീട്ടു്.

Mr. K. Ayyappan: എന്നാൽ ഇത്രയും നാളായിട്ടും എവിക്ഷൻ നടപടികൾ പൂർത്തിയാകുന്നില്ലെന്നുണ്ടെങ്കിൽ ഈ റവന്യൂ ഡിപ്പാർട്ടുമെണ്ടിന്റെ ഭരണം വളരെ പരിതാപകരമാണു്. ഈ കയ്യേറൽ അധഃകൃതരിൽ മാത്രമുള്ളതല്ല. സവ്വ ജാതിക്കാരിൽ നിന്നും കയ്യേറൽ നടക്കുന്നുണ്ടു്. പണക്കാർ കയ്യേറിയാൽ ഒരു പിഴ മാത്രം അവരെകൊണ്ടു് ഒടുക്കിച്ചു് ആ സ്ഥലം അവർക്കുതന്നെ പതിച്ചുകൊടുക്കും.

Mr. K. Achyuta Menon: വാസ്തവമറിയാതെ പറയുന്നതിൽ സങ്കടം തോന്നുന്നുണ്ടു്. പതിക്കുവാനുള്ള സ്ഥലമൊക്കെ ഞങ്ങൾ പതിച്ചുകൊടുത്തിട്ടുണ്ടു്.

Mr. K. Ayyappan: ബഹുമാനപ്പെട്ട അഡ്വർ മെമ്പർ ഒരു ചോദ്യം ചോദിച്ചു. ഒരധഃകൃതൻ ഏതൊ ഒരു സ്ഥലം പതിച്ചുകൊടുക്കുന്നതിനു അപേക്ഷിച്ചിട്ടു് അതു് ഗ്രേസിങ്ങ് ഗ്രൗണ്ടാണെന്നു പറഞ്ഞു് ആ അപേക്ഷയെ നിഷേധിച്ചതിനു ശേഷം വേറെ ഏതെങ്കിലും സ്ഥലം പതിച്ചുകൊടുക്കുമൊ എന്നു് ബഹുമാനപ്പെട്ട റവന്യൂ മെമ്പർ പറയുന്നു. കൊച്ചി രാജ്യത്തു അധഃകൃതർ കയ്യേറാത്ത സ്ഥലമില്ലെന്നു്. ഈ രാജ്യം ഒരു കാലത്തു ഇന്നത്തെ അധഃകൃതരായിരിക്കുന്നവരുടെ പൂർവ്വികരുടെ വകയായിരുന്നു. രാജ്യം അവരിൽ നിന്നെടുത്തു. അവരുടെ പണമെടുത്തു. അവരുടെ വീടുകൾ എടുത്തു. ഇപ്പോൾ അവർക്കു കാട്ടിലും കിടക്കുവാൻ പാടില്ലാതെ വന്നിരിക്കുന്നു. അവർക്കു ഈ രാജ്യത്തെ റോഡിൽ കൂടി നടക്കാൻ പാടില്ല. അവരെ എല്ലാ സ്ഥലത്തു നിന്നും ഓടിക്കയാണു് ചെയ്യുന്നതു്. ബഹുമാനപ്പെട്ട മുളകുന്നത്തുകാവു മെമ്പർ പറഞ്ഞു തൃശ്ശിവപേരൂർ ടൌണിലുള്ള ഒരു റോഡിൽ കൂടി അധഃകൃതരെ ആട്ടിയോടിക്കുന്നു എന്നു്. അധഃകൃതസംരക്ഷണത്തിനു് കൊച്ചി ഗവൺമെണ്ടിനെ പോലെ പണം ചിലവഴിക്കുന്ന ഒരു ഗവൺമെൻറു് ഈ ഇൻഡ്യയിൽ വേറെയില്ല. അങ്ങിനെയുള്ള ഗവൺമെൻറിനെപ്പററി പുറത്തു തെറിപ്പാരണക്കു ഇടകൊടുക്കുന്നതു കഷ്ടമാണു്. വാർത്തകൾ പുറത്തു പോയാൽ അന്യർ വിചാരിക്കുന്നതു കൊച്ചി ഗവൺമെണ്ടു് അധഃകൃതരോടു് നിഷ്ഠുരണം പെരുമാറുന്നു എന്നായിരിക്കും. നമ്മുടെ ഗവൺമെൻറു് അധഃകൃതരോടു് വലിയ ഔദാര്യമുള്ള ഒരു ഗവൺമെൻറാണു്. കാൺഗ്രസ് ഗവൺമെൻറു് പോലും ഇത്രയും ഔദാര്യം അധഃകൃതരോടു കാണിക്കുന്നില്ല. പരമാർത്ഥം ഇങ്ങിനെയിരിക്കെ ഗവ

LIBRARY ARCHIVES Kerala Legislative Assembly

മെമ്പർന്റെ ചില ഡിപ്പാർട്ട്മെന്റിലുള്ള ആളുകൾ അവരോട് അനുകമ്പ കാണിക്കാത്തതു് വളരെ സങ്കടമാണു്. എവിടെയെല്ലാം ഇതേവരെ അധഃകൃതർ കയ്യേറിയിട്ടുണ്ടോ ആ സ്ഥലമെല്ലാം അവർക്കു തന്നെ പതിച്ചു കൊടുക്കണമെന്നാണു് ഞാൻ ഗവമ്മെൻറിനോടപേക്ഷിക്കുന്നതു്.

Mr. K. Achyuta Menon: എനിക്കു ഒരു വ്യസനമേയുള്ളു. കാര്യം ഒന്നും അറിയാതെ സംസാരിക്കുന്നല്ലൊ എന്നുമാത്രം.

Mr. K. Ayyappan: ഞാൻ അറിഞ്ഞുകൊണ്ടാണു് പറയുന്നതു്. ബോധ്യമുള്ള പക്ഷം അതു വിശ്വസിക്കാമെന്നു പറയാമൊ? അതു നിയമപ്രകാരം തെളിയിക്കാമൊ എന്നു ചോദിച്ചാൽ സാധിക്കയില്ല. പക്ഷെ പരമാർത്ഥം നാട്ടുകാക്കൊക്കെ അറിയാം. ഒരു അഞ്ഞൂറു ഏക്കർ സ്ഥലം ഒരു മലയുടെ ഉടമസ്ഥനു ഒന്നിച്ചു പതിച്ചുകൊടുത്തതായിട്ടു് ഈ നിയമസഭയിൽ തന്നെ പറഞ്ഞിട്ടുണ്ടു്. ഈ അധഃകൃതർ ആകെ കയ്യേറിയ സ്ഥലം നോക്കിയാലും ഈ ൫ ൦ ൦ ഏക്കർ വരുമൊ? പാവങ്ങൾക്കും കുറെ സ്ഥലം പതിച്ചുകൊടുക്കണം.

Mr. K. Achyuta Menon: കല്പനയുണ്ടെങ്കിൽഎത്ര വേണമെങ്കിലും കൊടുക്കാം.

Mr. K. Ayyappan: കല്പന ദിവാൻപേഷ്കാർ വാങ്ങിക്കണം.

Mr. K. Achyuta Menon: കയ്യേറിയാൽ ആ സ്ഥലം കൊടുക്കണൊ?

Mr. K. Ayyappan: കയ്യേറിയാലും മറ്റുള്ളവർക്കു കൊടുക്കും. അധഃകൃതക്കായതു കൊണ്ടു് കൊടുക്കയില്ല. ആകെ എത്ര ഏക്കർ സ്ഥലം ഇവർ കയ്യേറിയിട്ടുണ്ടു്?

Mr. K. Achyuta Menon: ൫ ൦ ഏക്കറോളമുണ്ടു്. കയ്യേറിയിരിക്കുന്ന സ്ഥലത്തിന്റെ മാതിരി ഞാൻ പറയാം. വട്ടത്തിൽ കിടക്കുന്ന ഒരു സ്ഥലമാണെങ്കിൽ അവർ നാലരികിലുമുള്ള സ്ഥലം കയ്യേറും. ഇങ്ങിനെയായാൽ ഗവമ്മെണ്ടു എന്തു ചെയ്യും?

Mr. K. Ayyappan: വളരെക്കാലമായി കൃഷിചെയ്യുള്ള പരിചയം അവർക്കുള്ളതുകൊണ്ടു് കൃഷിക്കുള്ള സൌകര്യം അവർക്കറിയാം. അതുകൊണ്ടാണു് അവർ ഇങ്ങിനെ ചെയ്യുന്നതു്.

Mr. K. Achyuta Menon: ഗ്രോസിങ്ങ് ഗ്രൌണ്ടും കൂടി അവർ കയ്യേറുന്നുണ്ടു്.

Mr. K. Ayyappan: നിങ്ങളുടെ കന്നുകാലികളോളമെങ്കിലും ഒരനുകമ്പ അവരോടു കാണിക്കണം. (ഹിയർ, ഹിയർ). നിങ്ങളുടെ മനസ്ഥിതിയൊന്നു മാറണം. കന്നുകാലികളോളം അനുകമ്പ അർഹിക്കാത്തവരാണു് അധഃകൃതർ എന്ന നിങ്ങളുടെ ആ മനഃസ്ഥിതി ഒന്നു മാറണം. ദയവു ചെയ്തു ബഹുമാനപ്പെട്ട അധഃകൃത മെമ്പർ ആവശ്യപ്പെട്ടതു പോലെ ഇതേവരെ കൈയേറിയിട്ടുള്ളതു് ആരുടെ കുറ്റം കൊണ്ടായാലും അതു അവർക്കു പതിച്ചുകൊടുക്കണം. കൊടുക്കാൻ തീരെ നിവൃത്തിയില്ലാത്തിടത്തു അവർ ഇമ്പ്രൂവ്മെൻറുണ്ടാക്കീട്ടുണ്ടെങ്കിൽ അവർക്കു അതിനുള്ള വിലയും വേറെ സ്ഥലവും കൊടുക്കുവാനുള്ള ഒരു സമ്പ്രദായം ഗവമ്മെൻറു് സ്വീകരിക്കുന്നില്ലെങ്കിൽ പിന്നെ നിങ്ങളുടെ സഹതാപവും അനുകമ്പയും ഡിക്ഷനറിയിലുള്ള പദങ്ങൾ മാത്രമായിരിക്കും. ഇതുകൊണ്ടു റവന്യൂ ഡിപ്പാർട്ട്മെൻറു് അറബിക്കടലിലേക്കൊന്നും ആണ്ടുപോകയില്ല. നിങ്ങൾക്കു ദയവുണ്ടെങ്കിൽ ഇതിനു് യാതൊരു കുഴ

LIBRARY ARCHIVES Kerala Legislative Assembly

പ്പുവും കൂടാതെ സാധിക്കും. ഞാൻ ഇതു പറയുന്നതു് അവരെ കയ്യേറുവാൻ പ്രോത്സാഹിപ്പിക്കുവാനൊ പ്രേരിപ്പിക്കുവാനൊ ആണെന്നു നിങ്ങൾവിചാരിക്കരുതു്. അധഃകൃത ഡിപ്പാർട്ട്മെൻറിൽ നിന്നും സ്ഥലം പതിച്ചുകൊടുക്കുവാൻ അവകാശമില്ലെന്നുള്ള പരമാർത്ഥം അവരെ പറഞ്ഞു മനസിലാക്കണം. അതു വരാൻ പോകുന്ന കാര്യം. വന്നതിനു എന്തു നിവൃത്തി. മറ്റുള്ളവർ ഒരു സ്ഥലം കയ്യേറിയാൽ അതിനു് അവരെക്കൊണ്ടു് പിഴ ഒടുക്കിച്ചു ആസ്ഥലം അവർക്കു തന്നെ പതിച്ചുകൊടുക്കയാണു് പതിവു്. ആപതിവു ഇവരുടെ കാര്യത്തിലും ഏർപ്പെടുത്തണം എന്നാൽ ഇവർ സാധുക്കളായതു കൊണ്ടു് പിഴയൊടുക്കാൻ നിവൃത്തിയില്ലാത്തതിനാൽ ആ പിഴയിൽ നിന്നും ഒഴിവാക്കി ആ സ്ഥലം അവർക്കുതന്നെ പതിച്ചുകൊടുക്കയാണു് വേണ്ടതു്.

Mr. P. Govinda Menon: പിഴ പ്രൊട്ടക്ടരുടെ പക്കൽ നിന്നും വാങ്ങണം.

Mr. K.Ayyappan: അതു് പ്രൊട്ടക്ടരോടാണെങ്കിൽ അങ്ങിനെ മേടിച്ചാലും വിരോധമില്ല. അല്ലെങ്കിൽ നിയമവ്യാഖ്യാനത്തിന്റെ ശക്തികൊണ്ടു നിയമമൊന്നും അറിയാത്തവരായ സാധുക്കളോടു അപരാധം ചെയ്യുന്നു മാത്രമേ അർത്ഥം വരുകയുള്ളു. ഇനിയെങ്കിലും ദിവാൻപേഷ്കാർ അവർകൾ സാധുക്കൾ കിടപ്പിടത്തിനു കോൽ കഴിച്ചിടുന്നതു കാണുമ്പോൾ നമ്മുടെ രാജ്യത്തിന്റെ ഭയങ്കര സ്ഥിതിയോർത്തു തൽക്ഷണം കാരുണ്യമുള്ളവരായി താഴെയിറങ്ങി ഒരു തുള്ളി കണ്ണുനീരെങ്കിലും അവിടെ പൊഴിച്ചിട്ടു പോകുവാനുള്ള മനസ്ഥിതി അദ്ദേഹത്തിനുണ്ടാകണമെന്ന അപേക്ഷയോടു കൂടി ഞാൻ ഈ ഉപക്ഷേപത്തെ വളരെ ശക്തിയായി പിന്താങ്ങിക്കൊള്ളുന്നു.

Mr. K. R. Viswambharan: I move for the closure of the debate.

Mr. K. S. Panicker: I second it.

Dr. A. R. Menon: I want to represent to you that since the motion has been moved I want to represent to my friend that we would like to express our views.

Mr. Deputy President: Yes.

Mr. M. K. Devassy: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഈ കയ്യേറ്റത്തെക്കുറിച്ചു് വളരെ വാശിയോടുകൂടി വാദപ്രതിവാദം നടത്തുകയും, അധഃകൃതരുടെ ബഹുമാനപ്പെട്ട പ്രതിനിധി അദ്ദേഹത്തിന്റെ അഭിപ്രായം പറയുകയും ബഹുമാനപ്പെട്ട ദിവാൻപേഷ്കാർ അവർകളും അഭിപ്രായം പറയുകയും എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ അയ്യപ്പൻ നമ്മുടെ ഏടയ്ങ്ങളെ സ്പർശിക്കുന്നവിധം ഒരു പ്രസംഗം ചെയ്യുകയും ചെയ്തു. ഇതിൽ അധഃകൃതരുടെ ബഹുമാനപ്പെട്ട പ്രതിനിധിയെ ബഹുമാനിക്കാതിരിക്കുവാനൊ, ദിവാൻപേഷ്കാർ അവർകളുടെ അഭിപ്രായത്തെ വിശ്വസിക്കാതിരിക്കുവാനൊ, മിസ്റ്റർ അയ്യപ്പന്റെ പ്രസംഗത്തെ വിലമതിക്കാതിരിക്കുവാനൊ, ഞാനും എന്റെ കക്ഷിയും തയ്യാറില്ല. എന്റെ അഭിപ്രായം ഗവൺമെൻറ്ഭാഗത്തുനിന്നു പറഞ്ഞതിലും കുറെ വാസ്തവമുണ്ടു് എന്നുള്ളതാണു്. നിയമങ്ങളെ ബഹുമാനിക്കേണ്ട ചുമതലയും ഏറെക്കുറെയൊക്കെ നമുക്കുണ്ടു്. എന്നാൽ അധഃകൃതരോടു, കുന്നുകാലികളെക്കാൾ കൂടുതൽ ദയവോടുകൂടി പെരുമാറേണ്ടതും, അവരെ സഹായിക്കേണ്ടതുമാണെന്നു് ഞാൻ ഒരു മനുഷ്യനെന്ന നിലയിൽ വിശ്വസിക്കുന്നു. അധഃകൃതർ ഇതേവരെ കൈയ്യേറിയിട്ടുള്ള സ്ഥലങ്ങളിൽനിന്നു് അവരെ ഇറക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനുമുമ്പു്, ഈ നിയമസഭയിലെ ചില അംഗങ്ങളെകൂടി ഒരു കമ്മറ്റി രൂപീകരിച്ചു് ആ കമ്മറ്റിയുടെ അഭിപ്രായത്തോടുകൂടി പ്രവൃത്തിക്കണമെന്നാണു് എന്റെ അഭിപ്രായം. അവരെ സകലവിവരങ്ങളും പറഞ്ഞു മനസ്സിലാക്കി ആ കമ്മറ്റിയുടെ അഭിപ്രായമനുസരിച്ചു ഗവമ്മെൻറു് ഇതിൽ പ്രവൃത്തിച്ചാൽ ഗവമ്മെൻറിനും അധഃകൃതക്കും വിഷമംവരാത്തനിലയിൽ കഴിച്ചുകൂട്ടാം.

Mr. K. Ayyappan: മന്ത്രിതന്നെയായാലും മതി.

Mr. M. K. Devassy: ആരായാലും എനിക്കു വിരോധമില്ല; ഗവമ്മെൻറിന്റേയും, അധഃകൃതരുടേയും മദ്ധ്യത്തിൽനിന്നു പ്രവൃത്തിക്കുന്ന ഒരാൾ വേണമെന്നുമാത്രമെ ഞാൻ പറയുന്നുള്ളു.

Mr. K. S. Panicker: മന്ത്രിയായാൽ ഞങ്ങൾക്കു് കൂടുതൽ വിശ്വാസമാണു്.

Mr. P. Govinda Menon: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഈ കാര്യത്തിൽ അധഃകൃതരുടെ ഇപ്പോഴത്തെ ദുസ്ഥിതിയെക്കുറിച്ചു അനുഭാവം പ്രകടിപ്പിക്കാതെ നിവൃത്തിയില്ല. റവന്യൂമെമ്പർ ഇപ്പോൾ ഒരു ദുർഘടഘട്ടത്തിൽപെട്ടിരിക്കുന്നതു് ഗവൺമ്മെൻറിൽനിന്നു് ഈ കാര്യത്തിൽവേണ്ടതായ കർശന നടപടികളും തക്കസമയത്തു് എടുക്കാത്തതുകൊണ്ടാണു് എന്നാണു് ഞാൻ വിചാരിക്കുന്നതു്. കർശനമായ നടപടികളും എടുക്കാഞ്ഞതുമൂലം ഇന്നു കൊച്ചി രാജ്യത്തു് പലദിക്കുകളിലും സംഘടിതമായ ഒരു ശക്തിയുടെ പ്രേരണകൊണ്ടാണോ എന്നു തോന്നുന്നവിധത്തിൽ പ്രവേശിച്ചു് കയ്യേറ്റംചെയ്യുവരുന്നതായി ദിവാൻപേഷ്കാർ അവർകളും പറയുന്നു. ഞങ്ങളും മനസ്സിലാക്കിയിരിക്കുന്നതു് അധഃകൃതസംരക്ഷകൻ ഈവിധത്തിൽ കയ്യേറുന്നതിനു അനുകൂലിക്കുന്നു എന്നാണു്. ആ അധികാരിയുടെ പേർപറയാൻ മടിച്ചുകൊണ്ടുനില്ക്കുന്ന ഗവമ്മെൻറിന്റെ ഭീരുതമനസ്ഥിതിയെ ഞാൻ കഠിനമായി ആക്ഷേപിക്കുന്നു. ഇതു് പരസ്യമായ ഒരു സംഗതിയാണു്. ഒരുദ്യോഗസ്ഥൻ ക്രമവിരുദ്ധമായി പ്രവൃത്തിച്ചാലും റിക്കാർട്ടുണ്ടെങ്കിൽമാത്രമെ നടപടിയെടുക്കുകയുള്ളുവെങ്കിൽ ഗവമ്മെൻറിൽ പലവിധകുഴപ്പങ്ങളും വന്നുചേരുന്നതാണു്. ചില ശക്തികളും പാവപ്പെട്ട അധഃകൃതരെ കുറ്റംചെയ്യാൻ പ്രേരിപ്പിക്കുന്നു. എന്റെ അനുഭവത്തിൽ പെട്ടിടത്തോളം അധഃകൃത ഡിപ്പാർട്ട്മെൻറിന്റെ പ്രേരണയില്ലാതെ അധഃകൃതർ യാതൊരു സ്ഥലവും കയ്യേറിയിട്ടില്ലെന്നാണറിയുന്നതു്. അധഃകൃതർ നിയമത്തിൽ വിശ്വസിക്കുന്നവരാണു്. ഒരു ഗവമ്മെണ്ടുദ്യോഗസ്ഥനെന്ന കാരണംകൊണ്ടു്, ക്രമവിരുദ്ധമായി പ്രവൃത്തിക്കുന്നതിനു് അധഃകൃതരെ പ്രേരിപ്പിക്കുന്നു എന്നു് ബോദ്ധ്യപ്പെട്ടിട്ടും ഇതേവരെ ആ ഉദ്യോഗസ്ഥന്റെപേരിൽ നടപടി എടുക്കാത്ത കുറ്റത്തിനു് ഞാൻ ഗവമ്മെൻറിനെ ആക്ഷേപിക്കുന്നു.

അധഃകൃതക്കു സ്ഥലം പതിച്ചുകൊടുക്കുന്നതു് ഗവമ്മെൻറിന്റെ ഒരു നയമാണെന്നു് ദിവാൻപേഷ്കാർ അവർകളും സമ്മതിക്കുന്നു. എന്നാൽ ദിവാൻപേഷ്കാർ അവർകളുടെ ഡിപ്പാർട്ട്മെൻറിന്റെ ജോലി അധഃകൃതക്കു സ്ഥലംപതിച്ചുകൊടുക്കൽ അല്ലെന്നു് അദ്ദേഹം പറയുന്നു. എന്നാൽ ഇപ്പോൾ റവന്യൂ ഡിപ്പാർട്ട്മെൻറിന്റെ പ്രതിനിധിയായിട്ടല്ല അദ്ദേഹം സംസാരിക്കുന്നതു്. അദ്ദേഹം ഗവമ്മെൻറിനുവേണ്ടിയാണു് ഇപ്പോൾ സംസാരിക്കുന്നതു്. ഗവമ്മെൻറിനുവേണ്ടി സംസാരിക്കുന്ന അവസരത്തിൽ സകല ഡിപ്പാർട്ട്മെൻറിന്റേയും ചുമതല അദ്ദേഹത്തിനുണ്ടു്. ഞങ്ങളുടെ ഡിപ്പാർട്ട്മെൻറു് അങ്ങിനെ ചെയ്തിട്ടില്ല എന്നു പറഞ്ഞു ഒഴിഞ്ഞുമാറുന്നതു ശരിയല്ല. അധഃകൃത ഡിപ്പാർട്ട്

LIBRARY ARCHIVES Kerala Legislative Assembly

മെൻറിൽ വളരെ നാളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന കുഴപ്പങ്ങൾ എന്റെ മാന്യ സ്നേഹിതനായ മിസ്റ്റർ വള്ളോനും മറ്റു പലരും ഈ നിയമസഭയുടെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ട്. അതിനു് ഗവൺമെൻറു് യാതൊരു നടപടിയും നടത്തിയിട്ടില്ല. ഇപ്പോൾ അധഃകൃതസംരക്ഷകൻ വല്ല കുഴപ്പവും ചെയ്തിട്ടുണ്ടെങ്കിൽ അതു് പാവപ്പെട്ട അധഃകൃതരുടെ തലയിൽവന്നുചേരുകയാണു് ചെയ്യുന്നതു്. അധഃകൃതസംരക്ഷകന്റെ വാക്കിനെമാത്രം വിശ്വസിച്ചു്, അതു ഗവൺമെൻറിന്റെ വാക്കാണെന്നു് വിശ്വസിച്ചുമാത്രമാണു് അധഃകൃതർ സ്ഥലങ്ങൾ കയ്യേറിയിട്ടുള്ളതു്. അതുകൊണ്ടു് അവരെസംബന്ധിച്ചിടത്തോളം അവർ നിയമവിരുദ്ധമായി പ്രവൃത്തിച്ചു എന്നു വിചാരിപ്പാൻ നിവൃത്തിയില്ല. അതുകൊണ്ടു് ശരിയായ അന്വേഷണം നടത്തി ഈ ഉദ്യോഗസ്ഥൻ ശിക്ഷിക്കപ്പെടേണ്ട ആളാണെങ്കിൽ ശിക്ഷിക്കപ്പെടണം. ഈ ഒരു ഭോഗമാണു് എനിക്കു് ഗവൺമെൻറിനെ ധരിപ്പിക്കാനുള്ളതു്. പാവപ്പെട്ട ജനങ്ങളെ അവരറിയാത്ത കുറ്റത്തിനു് ശിക്ഷിക്കാൻ പാടുള്ളതല്ല. ഇപ്പോൾ കയ്യേറിയിട്ടുള്ളവർക്കു് ഗവൺമെൻറിൽനിന്നും വേറെ സ്ഥലംകൊടുത്തു് അവരുടെ സങ്കടത്തിനു പരിഹാരമുണ്ടാക്കണമെന്നാണു് ഞാൻ ഗവൺമെൻറിനെ ഉൽബോധിപ്പിക്കുന്നതു്.

Mr. K. P. Vallon: സർ, മഹാരാജാവു് തിരുമനസ്സിൽനിന്നും ഈ സാധുക്കളുടെ ദയനീയാവസ്ഥയെ നേരിട്ടറിഞ്ഞതിന്റെ ഫലമായി അവർക്കു വേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുവാൻ കല്പിച്ചരുളിച്ചിട്ടുണ്ടു്. എന്നാൽ ഈ ആനുകൂല്യങ്ങൾ അധഃകൃതസംരക്ഷണത്തിനെന്നുപറഞ്ഞു് അധഃകൃതരെ മുട്ടിക്കുവാൻ തുടങ്ങുന്ന ഇത്തരക്കാരുടെ പ്രവർത്തനങ്ങളെ മഹാരാജാവു തിരുമനസ്സിലെ ഗവൺമെണ്ടു കണ്ടറിഞ്ഞു് അതിനുവേണ്ട പരിഹാരം ചെയ്തില്ലെങ്കിൽ അതു് വലിയ സങ്കടമായിത്തീരും; വിശിഷ്യാ മഹാരാജാവു് തിരുമനസ്സിലെ ഗവൺമെണ്ടിന്റെ നല്ലപേരിനു് കളങ്കംകൂടി ഇവർ ഉണ്ടാക്കിവയ്ക്കും. ഞങ്ങൾ ഇപ്പോൾ വലിയ കുറക്കാരായിരിക്കുന്നു. അധഃകൃതസംരക്ഷണ വകുപ്പിലെ ഫാറം മുതൽ ഫാറം വരെയുള്ള ആനുവൽ റിപ്പോർട്ടുകളിൽ തുടർച്ചയായി പുറമ്പോക്കു സ്ഥലങ്ങളുടെ സംരക്ഷണത്തിനുവേണ്ട ചിലവുകൾ ചെയ്തിട്ടുള്ളതായ കണക്കുകൾ കാണുന്നുണ്ടു്. അങ്ങിനെ അധഃകൃതരെ അവർ അവിടെ താമസിപ്പിക്കുകയാണു് ചെയ്തിട്ടുള്ളതു്. അധഃകൃതർ ഒരുപക്ഷെ പുറമ്പോക്കു സ്ഥലങ്ങൾ റവന്യൂ വകുപ്പിനോടു് ആവശ്യപ്പെട്ടിട്ടില്ലായിരിക്കാം. അവർക്കു് സംരക്ഷണ വകുപ്പുള്ളതുകൊണ്ടു് ആ വകുപ്പിനോടപേക്ഷിച്ചു് അതുപ്രകാരം ഗവൺമെൻറു് (സംരക്ഷണവകുപ്പു്) അവരെ സഹായിക്കുകയുംചെയ്തു. ഇതിനെല്ലാംപുറമെ എല്ലാസ്ഥലങ്ങളിലും ഓരോ വാർഡന്മാരെവച്ചു് അവരുടെ കാര്യങ്ങൾ അന്വേഷിപ്പിക്കുന്നുമുണ്ടു്. ആവക ചിലവുകൾ സംരക്ഷണവകുപ്പിലെ ആനുവൽ റിപ്പോർട്ടിൽ കാണുന്നുമുണ്ടു്. സ്ഥിതിഗതികൾ ഇങ്ങിനെയിരിക്കെ ഒന്നും അറിയാത്ത അധഃകൃതർ പുറംപോക്കു സ്ഥലങ്ങൾ കയ്യേറിയെന്നു പറയുന്നതു് വളരെ സങ്കടമാണു്. അധികം സ്ഥലങ്ങൾ ഇല്ല, കിടക്കാൻ സ്ഥലമില്ലാത്തതുമൂലം എട്ടോ, പത്തോ സെൻറ് സ്ഥലം, ഒരു ചെറിയ കുടിൽ ഇരിക്കാനുള്ള സ്ഥലം മാത്രമെ അവർ കൈവശം വെച്ചിട്ടുള്ളൂ. ഈ സ്ഥലം അവർ പ്രയത്നംചെയ്തു നന്നാക്കുകയാണു ചെയ്യുന്നതു്.

ഇതിനു പുറമെ ചിലർ അവരെ ഉപദ്രവിക്കുമെന്നു പറഞ്ഞു ഭയപ്പെടുത്തി പണം മേടിക്കുകയും ചെയ്യുന്നുണ്ടു്. ഇത്തരം അക്രമങ്ങൾ ധാരാളം നടക്കുന്നുണ്ടു്. അധഃകൃതരെ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥരായിട്ടുള്ള വകുപ്പുകൾ അതിനെ മലിനപ്പെടുത്തുവാൻ ശ്രമിക്കുകയാണെങ്കിൽ അതിനു എന്തുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

പേർ പറയേണ്ടതു് എന്നെനിക്കറിഞ്ഞുകൂടാ. അധഃകൃതർക്കു കൊടുത്തിട്ടുള്ള ഭൂമിയെ സംബന്ധിച്ചു ഞാറക്കൽ ഭാഗങ്ങളിലുള്ളവർ ബഹുമാനപ്പെട്ട ദിവാൻജി അവർകൾക്കു് ഒരു ഹർജി സമർപ്പിച്ചിട്ടുണ്ടായിരുന്നു. ദിവാൻപേഷ്കാർ അവർകൾ അധഃകൃതസംരക്ഷകനുമൊരുമിച്ചു ആ ഹർജിയെപ്പറ്റി അന്വേഷിക്കുന്നതിനുപോയി. അന്നേദിവസം ഞാനും കൂടെ പോയിട്ടുണ്ടായിരുന്നു. ഞങ്ങൾ ഞാറയ്ക്കൽ മുതലായ സ്ഥലങ്ങളിൽ സഞ്ചരിച്ചപ്പോൾ, അധഃകൃതർ കൂടിൽവെച്ചു കെട്ടിയിരിക്കുന്ന ഒരു സ്ഥലത്തുവെച്ചു് ഈ സ്ഥലം ആരുടെ അനുവാദത്തോടുകൂടി കയ്യേറിത്താമസിക്കുന്നു എന്നു ചോദിച്ചപ്പോൾ അധഃകൃതസംരക്ഷണ വകുപ്പിന്റെ അനുവാദത്തോടുകൂടിയാണെന്നു് ഞാൻ മറുപടി പറഞ്ഞു. ഈ സ്ഥലത്തു താമസിക്കുന്നതിനു അനുവാദം കൊടുക്കാമോ എന്നു അധഃകൃതസംരക്ഷകനോടഭ്യർത്ഥിച്ചപ്പോൾ അധഃകൃതസംരക്ഷകൻ യാതൊരു മറുപടിയും പറഞ്ഞില്ല. വിശേഷിച്ചും സംരക്ഷണ വകുപ്പിൽ നിന്നും ഉണ്ടാക്കിയ തോടും കണ്ടിട്ടുണ്ടു്. ഇതെല്ലാം ബഹുമാനപ്പെട്ട ദിവാൻപേഷ്കാർ അവർകൾക്കറിയാം. ഇതൊക്കെ അറിഞ്ഞുകൊണ്ടു് അധഃകൃതർ കയ്യേറിയതാണു് എന്നു പറയുന്നതു ശരിയല്ല. സാധുക്കളായ അവർ രാജ്യത്തിന്റെ നന്മക്കുവേണ്ടി വേലചെയ്യുന്നവരാണു്. അവർക്കു കിടക്കാൻ പത്തു സെന്റു് സ്ഥലം കൊടുത്തപ്പോൾ ഇങ്ങിനെ തുടങ്ങുന്നതു വലിയ സങ്കടമാണു്. അതുകൊണ്ടു് ഇതിനെപ്പറ്റിയുള്ള പരാതി ഏതെങ്കിലും തരത്തിൽ ഒഴിവു വിചാരിച്ചു് ഈ കാര്യത്തിൽ വേണ്ട സഹായംചെയ്യുകൊടുക്കണമെന്നുള്ളതാണു്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയവർകൾ നേരിട്ടു് ഒരന്വേഷണം നടത്തിയാൽ ഞാൻ പറഞ്ഞതു് അനുഭവപ്പെടുന്നതാണു്. സാധുക്കൾ എവിടെയെങ്കിലും കിടന്നു സൈ്വരമായി ജീവിക്കണമെന്നു മാത്രമേ എനിക്കാഗ്രഹമുള്ളു. ദിവാൻപേഷ്കാർ അവർകൾ, ഇപ്പോൾ അവർ താമസിക്കുന്ന സ്ഥലം അവർക്കു തന്നെ കൊടുക്കണമെന്നാണു് എന്റെ അപേക്ഷ.

Mr. K. Ayyappan: ഇതുവരെ താമസിപ്പിച്ചിട്ടുള്ളതു് അഭ്യർത്ഥനമാണു്.

Mr. K. P. Vallon: പക്ഷെ ഇനിയത്തെ സമ്പ്രദായം മറ്റുവിധത്തിലായിരിക്കുമെന്നാണു് ഇന്നത്തെ സംസാരംകൊണ്ടു മനസ്സിലാകുന്നതു്. അതുകൊണ്ടു ഈ ഉപക്ഷേപം ഞാൻ പ്രസ്സ്ചെയ്യുന്നു.

Mr. V. K. Kutty: ബഹുമാനപ്പെട്ട മന്ത്രിയവർകൾ ഈ കാര്യത്തിൽ നേരിട്ടന്വേഷണം നടത്തിയാൽകൊള്ളാമെന്നു് ഇവിടെ പറയുകയുണ്ടായി. അങ്ങിനെചെയ്യാൻ അഭ്യർത്ഥനം ഒരുക്കമുണ്ടായെന്നറിഞ്ഞാൽകൊള്ളാം.

Mr. A. Sivarama Menon: ഇതു് ഒരു പ്രധാന കാര്യമാണു്. അതുകൊണ്ടു് ഇതിനെക്കുറിച്ചുഅന്വേഷിക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്. അടുത്ത അവസരത്തിൽതന്നെ ഇതിനെപ്പറ്റി അന്വേഷണം നടത്തുന്നതാണു്.

Mr. K. P. Vallon: അന്വേഷണം നടത്തി തീരുമാനമുണ്ടാക്കുന്നതുവരെ അവരെ കുടിയിറക്കാതിരിക്കാൻ വേണ്ട ഏർപ്പാടുചെയ്യണമെന്നപേക്ഷിക്കുന്നു. വിശേഷിച്ചു മന്ത്രിയവർകൾ ഈ കാര്യത്തിൽ ശ്രദ്ധ പതിക്കാമെന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു ഞാൻ ഇതിനെ പിൻവലിച്ചുകൊള്ളുവാൻ അനുമതി ചോദിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Motion was, by leave, withdrawn.
The demand for Rs. 2,75,342
under Land Revenue less Re. 1 was put and carried.

4. 1-Land Revenue-Cranganur Rs. 18,750.

Mr. K. Achyuta Menon: Diwan Pashkar I rise to move for the grant of Rs. 18,750 under 1-Land Revenue-Cranganur.

The Motion was put and carried.
The House rose for the day at 5 p. m.

B. V. KRISHNANKUTTY MENON,

Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly